# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1244** **20.03.2012-ൽ മറുപടിക്ക്**

## എസ്.എൽ.ആർ. വിഭാഗം തൊഴിലാളികൾ

<u>ചോദ്യം</u>

<u>ശ്രീ. പി. തിലോത്തമൻ :</u>

(എ) പൊതുമരാമത്ത് വകുപ്പിലെ എസ്.എൽ.ആർ.വിഭാഗം തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് മുൻസർക്കാർ എടുത്ത തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച് ചീഫ് എൻജിനീയറുടെ ഓഫീസിൽ നിന്നും തയ്യാറാക്കിയ 128 പേരുടെ കരട് ലിസ്റ്റ് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിൽ നിലവിലുള്ള തടസ്സം എന്താണെന്നു വ്യക്തമാക്കുമോ;

(ബി) മരാമത്ത് വകുപ്പിലെ എസ്.എൽ. ആർ. വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി വൈകുന്നതിന്റെ കാരണമെന്താണെന്നു വ്യക്തമാക്കുമോ;

(സി) മത്സ്യഫെഡ് ഉൾപ്പെടെയുള്ള മേഖലകളിലെ എസ്.എൽ.ആർ. വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും മരാമത്ത് വകുപ്പിലെ എസ്.എൽ.ആർ. വിഭാഗം തൊഴിലാളികൾ 35 വർഷം സേവനം കഴിഞ്ഞു പിരിഞ്ഞാലും പെൻഷൻ നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>മറുപടി</u>

<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>
<u>(മരാമത്ത് വകുപ്പ് മന്ത്രി)</u>

(എ) & (ബി) പൊതുമരാമത്ത് വകുപ്പിൽ 10 വർഷം സർവീസ് പൂർത്തിയാക്കിയ 137 എസ്.എൽ.ആർ ജീവനക്കാരെ 27.12.2011-ലെ സ.ഉ(കൈ) നം. 79/11/പൊ.മ.വ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**